**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 344** **16-09-2025 - ൽ മറുപടിയ്ക്ക്**

**ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവികുളം മണ്ഡലത്തിൽ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ദേവികുളം മണ്ഡലത്തിൽ എക്സൈസ് വകുപ്പ് മുഖാന്തിരം വനിതകളുടെ ഉന്നമനത്തിനായി ദേവികുളം താലൂക്കിലെ 10 പഞ്ചായത്തുകളിലായി ഒരോ ഏകദിന ശിൽപ്പശാല 2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ സംഘടിപ്പിച്ചു.<br><br>ഗോത്രവിഭാഗം കുട്ടികൾകളെ മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളിൽ നിന്നും പിൻതിരിപ്പിച്ച് കായികമത്സരം ലഹരിയാക്കി മാറ്റുക എന്ന ഉദ്ദേശത്തോടുകൂടി ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു.<br><br>ഗോത്രവിഭാഗം കുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുന്നതിനുവേണ്ടി മാങ്കുളം, അടിമാലി, മറയൂർ എന്നീ പഞ്ചായത്തുകളിൽ 2023 ഫെബ്രുവരി മാർച്ച് മാസങ്ങളിൽ മെഗാ എഡ്യൂഫെയർ എന്ന പേരിൽ വിദ്യാഭ്യാസ സെമിനാർ സംഘടിപ്പിച്ചു.<br><br>ദേവികുളം താലൂക്കിൽ 2023 ഒക്ടോബർ മാസം ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് ലഹരിയ്ക്കെതിരെ ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു.<br><br>ദേവികുളം പഞ്ചായത്തിലെ ഗോത്രവിഭാഗം കുട്ടികൾക്കായി കരിയർ ഗൈഡൻസ്- പി.എസ്.സി പരിശീലനം എന്നിവ നടത്തി. ഇതിലൂടെ 8 കുട്ടികൾക്ക് പി.എസ്.സി മുഖേന ജോലി ലഭിച്ചു.<br><br>2024 ഒക്ടോബർ മാസം ദേവികുളം താലൂക്കിലെ ഗോത്രവിഭാഗം ജനങ്ങൾക്കായി ലഹരിക്കെതിരെ ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിച്ചു.<br><br>സംസ്ഥാന ബിവറേജസ് കേർപ്പറേഷന്റെ CSR ഫണ്ട് ഉപയോഗിച്ച് ദേവികുളം താലൂക്കിലെ വിവിധ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളിലെ ഗോത്രവിഭാഗത്തിൽപ്പെട്ട 50 കുട്ടികളെ തിരഞ്ഞെടുത്ത് ഇവരെ സർക്കാർ സേവനത്തിൽ പ്രവേശിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജനമൈത്രി സ്ക്വാഡിന്റെ ആഭിമുഖ്യത്തിൽ 26 ആഴ്ചകളിലായാണ് ടി ക്ലാസ് സംഘടിപ്പിക്കുന്നത്.<br><br>ഗോത്രവിഭാഗത്തിൽപ്പെട്ട യുവാക്കളിൽ കായികലഹരി പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി അടിമാലിയിൽ മിനി ഫിറ്റ്നസ് സെന്റർ പ്രവർത്തനമാരംഭിച്ചു. |

സെക്ഷൻ ഓഫീസർ